കമ്പനിയിലെ കർഷകത്തൊഴിലാളികൾക്കും കരാർ തൊഴിലാളികൾക്കും നഷ്ടപരിഹാരം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ആറ് ട്രേഡ് യൂണിയനുകൾ സംയുക്ത സമരപരിപാടികൾ ആരംഭിച്ചു. തൊഴിൽ വകുപ്പ് ഇടപെട്ട് പ്രശ്ന പരിഹാരത്തിന് 2002 ജൂലൈ മുതൽ ബന്ധപ്പെട്ട കക്ഷികളുടെ സംയുക്ത ചർച്ചകൾ നടത്തിവരികയാണ്. സർക്കാരിന് തിരിച്ചെടുക്കാവുന്ന സ്ഥലം തിരിച്ചെടുക്കുന്നതിന്റെ നിയമപരവും സാമ്പത്തികവുമായ വശങ്ങൾ പരിശോധിച്ചുവരുന്നു. മാവൂർ ഗ്വാളിയോർ റയോൺസുള്ള സ്ഥലത്ത് അനുയോജ്യമായ ഒരു വ്യവസായം സ്ഥാപിക്കണമെന്ന കാര്യം ഉടൻ പരിഗണിക്കുവാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ബിർളയ്ക്ക് കത്തയച്ചിട്ടുണ്ട്. കത്തിനുള്ള മറുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

(20) പനമരം പഞ്ചായത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീമതി രാധാരാഘവൻ: എന്റെ മണ്ഡലത്തിൽപ്പെട്ട പനമരം പഞ്ചായത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി 1994-ൽ സർവ്വേ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. 1992-ൽ തുടക്കമിട്ടതും 350 ഏക്കർ കൃഷിഭൂമിയിൽ ഇരുപ്പുകൃഷിക്ക് വെള്ളം എത്തിക്കുന്നതിനും മുന്നൂറോളം കർഷക കുടുംബങ്ങൾക്ക് ഗുണപ്രദമായതുമായ ഈ പദ്ധതിക്ക് ഇതുവരെ സർക്കാർ ഭരണാനുമതി നൽകിയില്ല. പ്രസ്തുത പദ്ധതിക്കാവശ്യമായ ഇലക്ട്രോണിക് ലൈൻ സൗകര്യം 100 മീറ്ററിനകത്ത് ലഭ്യമാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 69 ലക്ഷം രൂപയാണ് ഈ പദ്ധതിയുടെ നിർമ്മാണ ചെലവ്. പ്രദേശവാസികൾക്ക് വളരെയധികം ഉപകാരപ്രദമായ പ്രസ്തുത പദ്ധതിക്ക് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* പനമരം പഞ്ചായത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പനമരത്ത് നിന്ന് 10 കിലോമീറ്റർ അകലെയുള്ള നീർവാരം എന്ന സ്ഥലത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പനമരം നദീജലം മോട്ടോറും പമ്പും ഉപയോഗിച്ച് ഉയർത്തി കനാലുകൾ വഴി തിരിച്ചുവിട്ട് കൃഷിക്ക് ഉപയുക്തമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 142.33 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്കുള്ള 70.55 ലക്ഷം രൂപയുടെ അടങ്കൽ നിർദ്ദേശം 11-3-2005-ലെ ജി.ഒ പ്രകാരം RIDF-X-ൽ ഉൾപ്പെടുത്തി നബാർഡിൽ നിന്ന് സാമ്പത്തിക സഹായം

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്നതിന് വേണ്ടി നബാർഡിന് സമർപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് ആ പദ്ധതി പൂർണ്ണമായിട്ടും നടപ്പിലാക്കും. മാത്രമല്ല എനിക്ക് വ്യക്തിപരമായി വളരെ സെന്റിമെന്റൽ അറ്റാച്ചുമെന്റുള്ള ഒരു പദ്ധതിയാണ് അത്. രാഘവൻ മാസ്റ്റർ ജീവിച്ചിരുന്ന സമയത്തുള്ള ഒരു പദ്ധതിയാണ്. ആ ഓർമ്മയും ഇതിനകത്തുണ്ട്. അതുകൊണ്ട് നിശ്ചയമായിട്ടും ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടിയുണ്ടാകും.

(21) ബസ്സുകളിലെ സ്ഥലനാമ ബോർഡുകൾ ഇംഗ്ലീഷിൽകൂടി എഴുതണമെന്ന ആവശ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്നു. ഈ ടൂറിസ്റ്റ് ഡെസ്റ്റിനേഷനിലേക്ക്, നമ്മുടെ നാട്ടിലേക്ക് കേരളത്തിനുപുറത്ത് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽനിന്നും നിരവധി ആളുകൾ എത്തിച്ചേരുന്നുണ്ട്. നമ്മുടെ ഗ്രാമങ്ങളിൽപ്പോലും പുറത്തു നിന്നു ആളുകൾ എത്തിച്ചേരുകയാണ്. ഇരിങ്ങാലക്കുടയിലും പുറത്തുനിന്നും ആളുകൾ ഒരുപാട് എത്തിച്ചേർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ബസ്സുകളിലെ ബോർഡുകളിൽ സ്ഥലപ്പേര് കാണുന്നത് മലയാളത്തിൽ മാത്രമാണ്. ഇതുമൂലം വിദേശത്തുനിന്നു വരുന്നവർക്ക് ബോർഡ് വായിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് നമ്മുടെ സർവ്വീസ് നടത്തുന്ന ബസ്സുകളിലെ സ്ഥലപ്പേരുകൾ മലയാളത്തിനുപുറമെ ഇംഗ്ലീഷിൽകൂടി എഴുതുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*) : സർ, നമ്മുടെ ഗതാഗത വകുപ്പുമന്ത്രിയുടെ മകളുടെ വിവാഹമായതുകൊണ്ട് അദ്ദേഹത്തിനുവേണ്ടി മറുപടി പറയാൻ ചെയർ എന്നെ അനുവദിക്കണം. എല്ലാ അന്തർ സംസ്ഥാന ബസ്സുകളിലും സ്ഥലനാമം ഇംഗ്ലീഷിലും സംസ്ഥാനത്തെ ഭാഷയിലും രേഖപ്പെടുത്താൻ നിർദ്ദേശമുണ്ട്. ടൂറിസ്റ്റ് പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പോകുന്ന കെ.എസ്.ആർ.ടി.സി. യുടെ ഡെസ്റ്റിനേഷൻ ബോർഡുകളിൽ ഇംഗ്ലീഷിലും സ്ഥലനാമം രേഖപ്പെടുത്താൻ നിർദ്ദേശമുണ്ട്. എന്നാൽ എല്ലാ ബസ്സുകളുടെയും സ്ഥലനാമങ്ങൾ ഇംഗ്ലീഷിൽകൂടി എഴുതുന്നത് പ്രായോഗികമല്ല എന്നാണ് ഡിപ്പാർട്ടുമെന്റ് അറിയിച്ചിട്ടുള്ളത്. സിറ്റി-ഓർഡിനറി സർവ്വീസുകളിൽ മലയാളം ബോർഡുകൾ അത്യാവശ്യമായതിനാൽ ഇംഗ്ലീഷിൽക്കൂടി എഴുതിയാൽ അക്ഷരങ്ങളുടെ വലുപ്പം വളരെ ചെറുതാവുകയും, സാധാരണ യാത്രക്കാർക്ക് വായിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യും. അതിനാൽ മേൽപ്പടി സർവ്വീസുകളിൽ ഇംഗ്ലീഷിൽ

LIBRARY ARCHIVES Kerala Legislative Assembly